ജി(2)8671/18

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 12.11.18

**സർക്കുലർ.നമ്പർ. 57/18**

വിഷയം: സഹകരണ വകുപ്പ് -,എൻഡോസൾഫാൻ ദുരിത ബാധിതർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്തിട്ടുളള വായ്പകളിൻമേലുളള ജപ്തി നടപടികൾക്ക് അനുവദിച്ച നൽകിയ മൊറട്ടോറിയം ദീർഘിപ്പിച്ചുകൊണ്ടുളള ഉത്തരവ്- സർക്കുലർ നിർദ്ദേശം- സംബന്ധിച്ച്

സൂചന:
1) സർക്കാറിന്റെ 27.10.18 ലെ സ.ഉ(എം.എസ്) 393/2018/നമ്പർ ഉത്തരവ്.
2) സർക്കാറിന്റെ 21.11.17 ലെ സ.ഉ(എം.എസ്) 394/2017/നമ്പർ ഉത്തരവ്.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുളള വായ്പകളിൻമേലുളള ജപ്തി നടപടികൾക്ക് അനുവദിച്ച നൽകിയിട്ടുളള മൊറട്ടോറിയത്തിന്റെ കാലാവധി 24.10.18 ന് അവസാനിച്ച സാഹചര്യത്തിൽ ടി വായ്പകൾക്കുളള മൊറട്ടോറിയത്തിന്റെ കാലാവധി 25.10.18 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്തിട്ടുളള എല്ലാ വിധ വായ്പകളിൻമേലും ഉളള ജപ്തി നടപടികൾ ഉൾപ്പെടെയുളള റിക്കവറി നടപടികൾ 25.10.18 മുതൽ 6 മാസത്തേക്ക് കൂടി നിർത്തിവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
എസ്സ്.ഷാനവാസ്സ്.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
3)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)

4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

6) ജനറൽ മാനേജർ, കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്

7) കാസറഗോഡ് ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)

8) സ്റ്റോക്ക് ഫയൽ

9) സ്പെയർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)